**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** **15-03-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 16.02.2016 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം.74/2016/ട്രാൻ. പ്രകാരം ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണം മുൻപ് തടസ്സപ്പെട്ടുകയും നിലവിൽ തടസ്സങ്ങൾ മാറുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 16.2.2016-ലെ ഭരണാനുമതി ഉത്തരവനുസരിച്ച് നിർമ്മാണം ആരംഭിക്കവേ വസ്തുവിന്റെ ഉടമസ്ഥാവകാശ തർക്കം ഉന്നയിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. ഇതേ തുടർന്നാണ് പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ടത്. ടി മെമ്മോ പിന്നീട് വെക്കേറ്റ് ചെയ്തിട്ടുള്ളതാണ്. നിലവിൽ സ്വയംഭരണ വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | PWD -യിൽ നിന്നും estimate ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ